**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുത വിഭാഗത്തിലെ റിട്ടയേർഡ് ലൈൻമാൻ ശ്രീ. സി. ഡേവിഡ് ഫയൽ ചെയ്ത O.A. 1373/2015 ലെ 17.08.2015-ലെ വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=============================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3800/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 19.12.2015

=============================================================================

പരാമർശം:-
1) തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുത വിഭാഗത്തിലെ റിട്ടയേർഡ് ലൈൻമാൻ സമർപ്പിച്ച 29.06.2015-ലെ നിവേദനം.
2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A. 1373/2015 മേലുള്ള 17.08.2015-ലെ വിധിന്യായം.
3) തിരുവനന്തപുരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ അഡ്വക്കേറ്റ് ജനറലിന്റ 09.09.2015-ലെ ബി3.ഒ.എ.(ഇ.കെ.എം.) 1373/15/AGO നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 03.12.2015-ലെ ഇ4/20723/15 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ തൃശ്ശൂർ നഗരസഭാ വൈദ്യുതി വിഭാഗത്തിലെ ലൈൻമാൻ ഗ്രേഡ് I ജീവനക്കാരനായിരുന്ന ശ്രീ.സി. ഡേവിഡ്, ടിയാന് മുൻകാല പ്രാബല്യത്തോടെ, ഓവർസിയർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകാൻ ഒന്നാം എതിർകക്ഷി (നഗരകാര്യ വകുപ്പ് സെക്രട്ടറി) യ്ക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A. 1373/2015-ലെ രണ്ടാം പരാമർശിത ഉത്തരവ് പ്രകാരം ടി ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസത്തിനകം ടിയാനെ നേരിൽ കേട്ട് ഒന്നാം പരാമർശിത നിവേദനം (ഹർജിയിലെ അനുബന്ധം 7) തീർപ്പ് കൽപ്പിക്കണമെന്ന് ഒന്നാം എതിർകക്ഷിയെ നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 11.11.2015 ന് സർക്കാർ പ്രതിനിധി പരാതിക്കാരനെ നേരിൽ കേൾക്കുകയുണ്ടായി.

2. ഓവർസിയർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം നടത്തുന്നതിനുള്ള ലൈൻമാൻ ഗ്രേഡ്-I തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാതിരുന്നതിനാൽ കരട് ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ആയതിന്മേൽ ശ്രീ.സി. ഡേവിഡ് 12.09.2014-ൽ ആക്ഷേപം ഉന്നയിക്കുയുണ്ടായി. 29.10.2014-ൽ ടിയാനെ നഗരകാര്യ ഡയറക്ടറേറ്റ് ആഫീസിൽ നേരിൽ കേൾക്കുകയും ആയതിന് ശേഷം അന്തിമ ഗ്രഡേഷൻ ലിസ്റ്റ് 26.05.2015-ന് പ്രസിദ്ധീകരിക്കുകയും ഉണ്ടായി. ലൈൻമാൻ ഗ്രേഡ്-I തസ്തികയിലെ ഗ്രഡേഷൻ ലിസ്റ്റിൽ നിന്നും ഓവർസീയർ തസ്തികയിൽ 01.05.2015 വരെ നിലവിലുണ്ടായിരുന്ന 9 ഒവിവുകളിലേക്ക് 40.60 എന്ന അനുപാതത്തിൽ

യഥാക്രമം ക്വാളിഫൈഡ് ക്വാട്ടയിലും അൺക്വാളിഫൈഡ് ക്വാട്ടയിലും ഉൾപ്പെട്ടിരുന്ന ലൈൻമാൻ ഗ്രേഡ്-I തസ്തികയിലെ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകുകയുണ്ടായി.

3. ശ്രീ.സി. ഡേവിഡിന്റെ വാദത്തിൽ ഉന്നയിക്കുന്ന ശ്രീ. ജി. രാജഗോപാലിന് ഇപ്രകാരം 10% ക്വാട്ടയിൽ ഉദ്യോഗക്കയറ്റം ലഭിച്ചതാണ്. ശ്രീ.സി. ഡേവിഡ് ഗ്രഡേഷൻ ലിസ്റ്റിൽ 9-ാമത്തെ ക്രമനമ്പരിൽപ്പെട്ട ജീവനക്കാരനാണ്. ടിയാന് 10% ക്വാട്ടയ്ക്ക് അർഹത വരുന്നത് 14-ാമത്തെ ഒഴിവിനാണ്. 01.05.2015-ന് വന്ന 9 ഒഴിവുകളിലേയ്ക്ക് സീനിയോറിറ്റി പരിഗണിച്ച് അർഹമായ ക്വാട്ടയുടെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്. 5 ഒഴിവുകൾ കൂടി ഉത്ഭവിച്ചാൽ മാത്രമേ ശ്രീ.സി.ഡേവിഡിന് ഉദ്യോഗക്കയറ്റത്തിന് അർഹത വരികയുള്ളൂ. ആയതിനാൽ ടിയാന് താൻ 30.04.2015-ന് റിട്ടയർ ചെയ്യുന്നതിന് മുമ്പ് ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹതയുണ്ടായിരുന്നു എന്ന വാദം ശരിയല്ല.

4. ഈ സാഹചര്യത്തിൽ ഒന്നാം പരാമർശിത നിവേദനം നിരസിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂലിന്റെ രണ്ടാം പരാമർശിത ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),**
**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. സി ഡേവിഡ്, ക്രിസ്റ്റൽ മന്ദിരം, മാങ്കൂട്ടത്തിന് സമീപം, തിരുപുറം പി.ഒ., നെയ്യാറ്റിൻകര, തിരുവനന്തപുരം -695 133.
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂൽ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശൂർ
സെക്രട്ടറി, തൃശ്ശൂർ നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**